**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.06.2018 ലെ മറുപടിയ്ക്ക്.**
**ചോദ്യം നം. 888**

## കടങ്ങൾ എഴുതിത്തള്ളുന്ന നടപടി

**ചോദ്യം**
**ശ്രീമതി.പി. അയിഷാ പോറ്റി**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ കടങ്ങൾ എഴുതി തള്ളുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ)<br>&<br>(ബി) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടിക ജാതി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതി തള്ളുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള വരുമാന പരിധി ഒന്നര ലക്ഷം രൂപയാണ്. ഈ ആനുകൂല്യത്തിനായി ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് നൽകേണ്ടതാണ്. ടി പദ്ധതിപ്രകാരം ഉപഭോക്താവിന്റെ ഒരു വായ്പാ കുടിശ്ശിക എഴുതിതള്ളുന്നു.<br>പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01/04/2006 മുതൽ 31/03/2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും, പലിശയും, പിഴപലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | | |

| | | | |
|---|---|---|---|
| | | | ഈ പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും, പലിശയും, പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങൾ എഴുതിത്തള്ളിയെന്നും അതിന് ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗക്കാർ പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന എടുത്തിട്ടുള്ള 2236 വായ്പകൾ എഴുതി തള്ളുന്നതിനായി 538.57 ലക്ഷം രൂപയും സഹകരണ സ്ഥാപനങ്ങളിൽ നിന്നുംമെടുത്തിട്ടുള്ള 45866 വായ്പകൾ എഴുതി തള്ളുന്നതിനായി 86,76,60,911/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗക്കാരായ 2382 ഗുണഭോക്താക്കളുടെ 6,14,82,242/- രൂപ എഴുതി തള്ളിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**